(6 pages) **Reg. No. : ..............................**

**Code No. : 12556** **Sub. Code : G 1 MY 31**

U.G. (CBCS) DEGREE EXAMINATION,
NOVEMBER 2015.

Third Semester

Part I — Malayalam

THEATRE MOVEMENT AND CREATIVE LITERATURE

(For those who joined in July 2012 and afterwards)

Time : Three hours Maximum : 75 marks

PART A — (10 × 1 = 10 marks)

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. ശീതങ്കൻ തുള്ളൽ ഏത്?

   (a) സ്യമന്തകം (b) ഘോഷയാത്ര

   (c) കല്യാണസൗഗന്ധികം (d) സഭാപ്രവേശം

2. 'പണ്ടു സ്യമന്തകമെന്നതുകാരണ

   മുണ്ടായോരപവാദകളങ്കം' - ആരുടെ പേരിലാണ് അപവാദമുണ്ടായത്?

   (a) ശ്രീകൃഷ്ണന്റെ (b) സത്രാജിത്തിന്റെ

   (c) പ്രസേനജിത്തിന്റെ (d) ഇന്ദ്രജിത്തിന്റെ

3. 'പ്രിയ മാനസ നീ പോയ്‌വരേണം

   പ്രിയയോടെന്റെ വാർത്തകൾ ചൊൽവാൻ'

   - ആര്, ആരോട് പറയുന്നത്?

   (a) നളൻ ദമയന്തിയോട്

   (b) ദമയന്തി ഹംസത്തോട്

   (c) ഹംസം നളനോട്

   (d) നളൻ ഹംസത്തോട്

4. 'യൗവനം വന്നുദിച്ചിട്ടും ചെറുതായില്ല ചെറുപ്പം' - ആരുടെ ചെറുപ്പം?

   (a) നളന്റെ (b) ദമയന്തിയുടെ

   (c) ഹംസത്തിന്റെ (d) കലിയുടെ

5. 'നളചരിതം' ആട്ടക്കഥ എത്ര ദിവസങ്ങളായി വിഭജിച്ചിരിക്കുന്നു?

   (a) രണ്ട് (b) നാല്

   (c) ആറ് (d) എട്ട്

6. കുരുക്ഷേത്രയുദ്ധത്തിന്റെ ഒരു നവീന പുനരാവിഷ്കാരമാണ്

   (a) ആണ്ടുബലി നാടകം

   (b) സ്യമന്തകം തുള്ളൽ

   (c) നളചരിതം ആട്ടക്കഥ

   (d) സെല്ലുലോയ്ഡ് സിനിമ



Nesamony Memorial Christian College, Marthandam

7. സാറയുടെ ദുഃഖത്തിന് കാരണമെന്ത്?

(a) അച്ഛന്റെ മരണം

(b) മകന്റെ വേർപാട്

(c) ഭർത്താവ് ഉപേക്ഷിച്ചത്

(d) കല്യാണം കഴിക്കാതെ കുട്ടിയുണ്ടായത്

8. 'സെല്ലുലോയ്ഡി'ൽ ജെ.സി. ഡാനിയലായി വേഷമിട്ടതാര്?

(a) പൃഥ്വിരാജ്

(b) സത്യൻ

(c) ശ്രീനിവാസൻ

(d) നെടുമുടി വേണു

9. 'സെല്ലുലോയ്ഡ്' സംവിധാനം ചെയ്തതാര്?

(a) അടൂർ ഗോപാലകൃഷ്ണൻ

(b) പൃഥ്വിരാജ്

(c) കമൽ

(d) ശ്രീനിവാസൻ

10. 'സേവിച്ചീടുക പൂജ്യരെ' - ആരുടെ ഉപദേശമാണിത്?

(a) കാശ്യപന്റെ (b) ശകുന്തളയുടെ

(c) അനസൂയയുടെ (d) പ്രിയംവദയുടെ



PART B — (5 × 5 = 25 marks)

ഓരോ ചോദ്യത്തിനും 250 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

11. (a) 'നല്ല ശിഷ്യനു കൊടുത്ത വിദ്യയെപ്പറ്റിയെന്നപോലെ നിന്നെപ്പറ്റി ഇനി എനിക്കു വിചാരപ്പെടാനില്ല' - സന്ദർഭവും സ്വാരസ്യവും വിശദമാക്കുക.

അല്ലെങ്കിൽ

(b) കണ്വൻ ദുഷ്യന്തനെ അറിയിക്കുവാനായി നൽകുന്ന സന്ദേശത്തിന്റെ പൊരുളെന്ത്?

12. (a) 'അയ്യോ ഗുണവുമനവധി ദോഷമായിതു' എന്ന് ഹംസം വിചാരിക്കാനുണ്ടായ കാരണമെന്ത്?

അല്ലെങ്കിൽ

(b) 'അർണ്ണവം തന്നിലല്ലോ നിമ്നഗ ചേർന്നു ഞായം

അന്യഥാവരുത്തുവാൻ കുന്നു മുതിർന്നീടുമോ?' - വിവക്ഷിതം വ്യക്തമാക്കുക.

13. (a) ഭഗവാൻ വളരെ ക്രൂരനാണെന്ന് ഗാന്ധാരിക്ക് തോന്നിയതെപ്പോൾ?

അല്ലെങ്കിൽ

(b) "അന്ന് ഞാനവിടെ എന്റെ സ്ത്രീത്വത്തിന്റെ സർവ്വ ശക്തിയുമുപയോഗിച്ച് ശപഥം ചെയ്തു" - ശപഥം ചെയ്തത് ആരാണ്? എന്തിനായിരുന്നു ആ ശപഥം? വിശദമാക്കുക.



Nesamony Memorial Christian College, Marthandam

14. (a) തെക്കൻ തിരുവിതാംകൂറിലെ ഭാഷ ഫലപ്രദമായി അവതരിപ്പിക്കാൻ 'സെല്ലുലോയ്ഡി'ൽ സാധിച്ചിട്ടുണ്ടോ? പരിശോധിക്കുക.

അല്ലെങ്കിൽ

(b) കമൽ ഒരു തിരക്കഥാകൃത്തെന്ന നിലയിൽ വിജയിച്ചിട്ടുണ്ടോ? 'സെല്ലുലോയ്ഡി'നെ മുൻനിർത്തി നിരീക്ഷിക്കുക.

15. (a) തുള്ളലിന്റെ ഉത്ഭവവുമായി ബന്ധപ്പെട്ട് പ്രചാരത്തിലിരിക്കുന്ന ഐതിഹ്യമെന്ത്?

അല്ലെങ്കിൽ

(b) സ്യമന്തകം കഥ ചുരുക്കി എഴുതുക.

PART C — (5 × 8 = 40 marks)

ഓരോ ചോദ്യത്തിനും 500 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

16. (a) പാഠ്യഭാഗത്തെ മുൻനിർത്തി കുഞ്ചൻനമ്പ്യാരുടെ രചനാരീതി വെളിപ്പെടുത്തുക.

അല്ലെങ്കിൽ

(b) "ഇത്തരമുള്ളൊരു പദ്യം ചൊന്നാ-

നുത്തമനാകിയ സൂര്യൻ ഭഗവാൻ"

- സൂര്യഭഗവാൻ ചൊന്ന പദ്യത്തിന്റെ പൊരുളെന്ത്? വിശദമാക്കുക.



17. (a) 'ആണ്ടുബലി'യിൽ പൂജാരിക്കുള്ള സ്ഥാനം നിർണ്ണയിക്കുക.

അല്ലെങ്കിൽ

(b) 'ആണ്ടുബലി'യിലെ ഏറ്റവും മികച്ച കഥാപാത്രം മേധയാണ് എന്ന അഭിപ്രായം ചർച്ചചെയ്യുക.

18. (a) 'നളചരിതം' ഒന്നാംദിവസത്തെ മുൻനിർത്തി ഹംസത്തിന്റെ സ്വഭാവം നിരൂപണം ചെയ്യുക.

അല്ലെങ്കിൽ

(b) 'നളചരിത'ത്തിലെ ദമയന്തിയുടെ സ്വഭാവം നിരൂപിക്കുക.

19. (a) 'ശാകുന്തളം' നാലാമങ്കത്തിന്റെ പ്രാധാന്യം വിശദീകരിക്കുക.

അല്ലെങ്കിൽ

(b) അനസൂയ പ്രിയംവദമാരുടെ സ്വഭാവം ശാകുന്തളം നാലാമങ്കത്തെ മുൻനിർത്തി വിവരിക്കുക.

20. (a) 'ഒരു നല്ല നാടകം' എന്ന് 'ആണ്ടുബലി'യെ വിശേഷിപ്പിക്കാമോ? - സ്വമതം സ്ഥാപിക്കുക.

അല്ലെങ്കിൽ

(b) സിനിമയിൽ തിരക്കഥയ്ക്കുള്ള സ്ഥാനം നിർണ്ണയിക്കുക.

---



Nesamony Memorial Christian College, Marthandam